# Athmaraksha.org

മറ്റു ലേഖനങ്ങൾ

## സഭാശുശ്രൂഷകർ യേശുവിന്റെ ദാസരാകണം: മാർ ആലഞ്ചേരി



വത്തിക്കാൻ സിറ്റി: സഭാശുശ്രൂഷകർ വിശുദ്ധി നിറഞ്ഞവരും മിശിഹായുടെ ദാസന്മാരുമാകണമെന്ന് സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. വത്തിക്കാനിലെ പൊന്തിഫിക്കൽ ഉർബൻ സെമിനാരിയിൽ വൈദികപരിശീലനം നേടിക്കൊണ്ടിരിക്കുന്ന പന്ത്രണ്ട് സീറോ മലബാർ വൈദികവിദ്യാർഥികളെ സഭാശുശ്രൂഷകൾക്കായി നിയോഗിച്ചുകൊണ്ട് അർപ്പിച്ച വിശുദ്ധ കുർബാനയിൽ സുവിശേഷ സന്ദേശം നല്കുകയായിരുന്ന അദ്ദേഹം.

ദൈവപുത്രനായ ഈശോമിശിഹാ സ്വയം ശുശ്രൂഷകനായി മാറി. നമ്മുടെ എല്ലാവരുടെയും കർത്താവ് ശുശ്രൂഷകനാണ്. ഇതിലൂടെയാണ ദൈവസ്നേഹത്തിന്റെ രഹസ്യം വെളിപ്പെടുന്നത്. ശുശ്രൂഷിക്കാനും എല്ലാവരുടെയും രക്ഷയ്ക്കായി സ്വന്തം ജീവൻ നല്കാനുമായി വന്ന ഈ മിശിഹായുടെ ദാസന്മാരാണ സഭയിലെ ശുശ്രൂഷകർ. അന്ത്യഅത്താഴത്തിൽ, വിശുദ്ധ കുർബാനയിൽ, ദൈവികജീവനിൽ, പങ്കുപറ്റാൻ നമ്മെ യോഗ്യരാക്കുന്ന വിശുദ്ധി മിശിഹായാണ നല്കുന്നത്. ആന്തരികവും ആധ്യാത്മികവുമായ വിശുദ്ധീകരണം ദൈവവചനത്തിലൂടെയും കൂദാശകളിലൂടെയുമാണ സാധ്യമാകുന്നത്.

ഈശോ വചനത്തിലൂടെ മാത്രമല്ല നമ്മെ കഴുകുന്നത്, കൂദാശകളിലൂടെ നമുക്ക നല്കപ്പെടുന്ന തന്റെ ജീവന്റെ ദാനത്തിലൂടെയുമാണ്. സഭാശുശ്രൂഷകർ ദൈവകൃപയിലാണ ദൈവികരഹസ്യങ്ങൾ പരികർമം ചെയ്യുന്നത്. ദൈവകരുണയാലാണ സഭാശുശ്രൂഷകർക്ക പരിശുദ്ധാത്മാവിന്റെ കൃപ ലഭിക്കുന്നത്. നിർമലഹൃദയത്തോടും നല്ലമനഃസാക്ഷിയോടുംകൂടി ദൈവികരഹസ്യങ്ങൾ പരികർമം ചെയ്യുന്ന സഭാശുശ്രൂഷകർ നീതിയുടെ പ്രവൃത്തികളിൽ പ്രശോഭിതരാകുമെന്നും കർദിനാൾ ആലഞ്ചേരി കൂട്ടിച്ചേർത്തു.

ജനതകളുടെ സുവിശേഷവത്കരണത്തിനുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ സെക്രട്ടറി ആർച്ച്ബിഷപ് ഡോ. സാവിയോ ഹോൺ തയ്ഫായി എസ്ഡിബി, പൊന്തിഫിക്കൽ ഉർബൻ സെമിനാരി റെക്ടർ മോൺ. വിൻചെൻസോ വീവാ, മോൺ. സ്റ്റീഫൻ ചിറപ്പണത്ത്, ഫാ. ജോസഫ് സ്രാമ്പിക്കൽ തുടങ്ങി എഴുപതു വൈദികർ തിരുക്കർമ്മങ്ങളിൽ

സഹകാർമികരായിരുന്നു.

കടപ്പാട് : syromalabarchurch.in